ജില്ല	വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം)	വിധവാ/ അഗതി പെൻഷൻ	അംഗവൈകല്യമുള്ള വർക്കും മന്ദബുദ്ധി കൾക്കുമുള്ള പെൻഷൻ
തിരുവനന്തപുരം	1/2001	11/2000	2/2001
കൊല്ലം	4/2000	7/2000	7/2000
പത്തനംതിട്ട	6/2000	7/2000	7/2000
ആലപ്പുഴ	6/2000	6/2000	7/2000
കോട്ടയം	7/2000	6/2000	7/2000
ഇടുക്കി	1/2000	1/2000	11/2000
എറണാകുളം	10/2000	10/2000	10/2000
തൃശ്ശൂർ	1/2001	7/2000	8/2000
പാലക്കാട്	7/2000	7/2000	7/2000
മലപ്പുറം	3/2000	3/2000	8/2000
കോഴിക്കോട്	7/2000	7/2000	7/2000
വയനാട്	3/2000	9/2000	11/2000
കണ്ണൂർ	1/2000	7/2000	8/2000
കാസർഗോഡ്	12/2000	7/2000	7/2000

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തൊഴിലില്ലായ്മ വേതനം 22.70 കോടി രൂപയും കർഷകത്തൊഴിലാളി പെൻഷൻ 27,53,90,720 രൂപയും വാർദ്ധക്യകാല പെൻഷൻ (സംസ്ഥാന വിഹിതം) ഇനത്തിൽ 75,14,240 രൂപയും വിധവാ പെൻഷൻ ഇനത്തിൽ 2,06,45,500 രൂപയും അംഗ വൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ ഇനത്തിൽ 1,71,55,300 രൂപയും കുടിശ്ശിക ആയിട്ടുണ്ടായിരുന്നു.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച്, ഇപ്പോഴുള്ള കുടിശ്ശിക കൊടുത്ത് തീർക്കുന്നതാണ്.

സർക്കാരിന്റെ മൊത്തം കടം

17 (405) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ മൊത്തം കടം 2001 ജനുവരി 31 വരെ എത്ര കോടിയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ കരാറുകാർക്ക് 2001 ജനുവരി 31 വരെ എന്തു തുക കുടിശ്ശികയുണ്ട് ; വകുപ്പു തിരിച്ച് വ്യക്തമാക്കാമോ ;

(സി) തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, അവശകലാകാര പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ എന്നീ ഇനത്തിൽ 2001 ജനുവരി 31 വരെ എന്തു തുക കുടിശ്ശിക യുണ്ടെന്നും അവ എന്നു വരെ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന സഹകരണ ബാങ്കുകൾ വിവിധ ക്ഷേമനിധി ബോർഡുകൾ കെ. എസ്.എഫ്. ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എന്തു തുക സർക്കാർ കടം എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2001 ജനുവരി 31 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തിയാക്കിയിട്ടില്ല.

(ബി) റോഡുകളും പാലങ്ങളും	:	കൃത്യമായ വിവരം ലഭ്യമല്ല.
കെട്ടിടങ്ങൾ	:	100.71 കോടി രൂപ.
പ്രോജക്ട് 1	:	33.02 കോടി രൂപ.
പ്രോജക്ട് 11	:	21.72 കോടി രൂപ.
പ്രോജക്ട് 111	:	വിവരം ശേഖരിച്ചു വരുന്നു.
ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	:	55.23 കോടി രൂപ
ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്	:	1.45 കോടി രൂപ
ഇറിഗേഷൻ ആന്റ് ഇൻവെസ്റ്റിഗേഷൻ	:	കുടിശ്ശിക ഇല്ല.
നാഷണൽ ഹൈവേ	:	വിവരം ശേഖരിച്ചു വരുന്നു.
(സി) തൊഴിലില്ലായ്മ വേതനം	:	71.01 കോടി രൂപ
കർഷകത്തൊഴിലാളി പെൻഷൻ	:	58.07 കോടി രൂപ
വാർദ്ധക്യകാല പെൻഷൻ	:	4.25 കോടി രൂപ
വിധവാ പെൻഷൻ	:	11.42 കോടി രൂപ
അവശകലാകാരന്മാരുടെ പെൻഷൻ	:	നവംബർ 2000 വരെയുള്ള കലാകാര പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കടം എടുത്തിട്ടില്ല. എന്നാൽ ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളും ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുണ്ട്.

നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകണമെന്ന ആവശ്യം

18 (406) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 1500-ഓളം വരുന്ന നിലത്തെഴുത്ത് ആശാന്മാർക്ക് പെൻഷൻ നൽകണമെന്ന് ധനകാര്യ മന്ത്രി മുമ്പാകെ സമർപ്പിച്ചിരുന്ന നിരവധി നിവേദനങ്ങളിൻമേൽ എന്ത് നടപടി ആയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) കായംകുളം എം.എൽ.എ.യും കേരള നിലത്തെഴുത്ത് ആശാൻ സംസ്ഥാന പ്രസിഡന്റുമായ ജി. സുധാകരൻ എം.എൽ.എ. നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടിയിൽ ധനകാര്യ വകുപ്പു മന്ത്രി നൽകിയ ഉറപ്പ് അനുസരിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) 2001-2002-ലെ ബഡ്ജറ്റിൽ നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

ആളോഹരി വികസന ചെലവും വികസനേതര ചെലവും

19 (407) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ഒജ. മാത്യു :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-92 മുതൽ 1995-96 വർഷം വരെ ഓരോ വർഷവുമുള്ള ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമായിരുന്നു ;

(ബി) 1996-97 മുതൽ 1999-2000 വരെയുള്ള ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമായിരുന്നു ;

(സി) 2000-2001 വർഷത്തിൽ പ്രതീക്ഷിക്കുന്ന ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമാണ് ;

(ഡി) വികസനേതര ചെലവ് കുറയ്ക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly